# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 -26

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് മേരീസ് ഹൈസ്കൂൾ ആര്യങ്കാവ് |
| വിലാസം | : ആര്യങ്കാവ് പി.ഒ കൊല്ലം PIN-691316 |
| വിദ്യാഭ്യാസ ജില്ല | : പുനലൂർ |
| സ്ഥാപിതം | : 1982 |
| പഞ്ചായത്ത് | : ആര്യങ്കാവ് |
| ബി.ആർ.സി | : പുനലൂർ |
| സ്കൂൾ കോഡ് | : 40013 |
| യുഡൈസ് കോഡ് | : 32131000102 |
| ഫോൺ നമ്പർ | : 04752211450 |
| ഇ-മെയിൽ | : smhs40013ary@gmail.com. |

## അധ്യയന സൗകര്യങ്ങൾ

| | |
|---|---|
| ക്ലാസ് ക്ലാസ് മുറികൾ | : 8-10 വരെ ക്ലാസുകൾ |
| ബോധനമാധ്യമം | : മലയാളം, ഇംഗ്ലീഷ് |
| കമ്പ്യൂട്ടർ ലാബ് | : ഏകദേശം 20 കമ്പ്യൂട്ടറുകൾ |
| ലൈബ്രറി | : 1200 പുസ്തകങ്ങൾ |
| പ്ലേ ഗ്രൗണ്ട് | : ഉണ്ട് |
| ശുചിമുറികൾ | : ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം 2 വീതം |
| കുടിവെള്ളം | : കിണർ ടാപ്പ് വാട്ടർ (പ്രവർത്തനക്ഷമം) |

## ആമുഖം

മലയോരഗ്രാമമായ, സെന്റ് മേരീസ് ഹൈസ്കൂൾ ആര്യങ്കാവ് കൊല്ലം ജില്ലയിലെ പുനലൂർ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന ഒരു എയിഡഡ് വിദ്യാലയമാണ്. 1982 ൽ റവ. ഫാ. ജോസഫ് അല്ലമറ്റത്തിൽ അച്ചൻ സ്ഥാപിച്ച ഈ സ്കൂൾ പിന്നീട് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ സ്കൂളിൽ പ്രധാനാധ്യാപകൻ ഉൾപ്പെടെ 14 അധ്യാപകരും 4 അനധ്യാപകരും **237** വിദ്യാർത്ഥികളുമുണ്ട്.

### വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1 പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

2 മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ

3 സാമൂഹികമായും സാമ്പത്തികവുമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

4 കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കൽ

പരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസനസങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ–വിവിധ ഘട്ടങ്ങൾ

എസ്. ആർ. ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ

കരട് രൂപരേഖ SRG, MPTA, PTA, Staff Council എന്നിവർക്ക് മുമ്പിൽ അവതരിപ്പിക്കൽ

സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കൽ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ — ഒറ്റനോട്ടത്തിൽ

ഭാഷാശേഷി വികസനം, ഗണിതശേഷി വികസനം

ഇംഗ്ലീഷ് പഠനപരിപോഷണം, ശാസ്ത്രപോഷണ

പരിപാടി, വായനാപരിപോഷണം, പ്രതിഭാപോഷ
പരിപാടി (ദിശ, NMMS) നാടകക്കളരി, ജൈവവൈ
പാർക്ക്, സാഹിത്യ പോഷണ പരിപാടികൾ, പഠന
യാത്രകൾ, സെമിനാറുകൾ, കലാ-കായിക മേള
ഐ.ടി പരിശീലനം, അധ്യാപക ശാക്തീകരണ
പരിപാടികൾ, ക്ലാസ് പിടിഎ സജീവമാക്ക
സ്കൂൾ പത്രം/മാസികകൾ, പ്രവൃത്തി പരിചയ
പഠനം, SRG ശാക്തീകരണം, ശാസ്ത്രാഭിരുചി
വളർത്തൽ, പച്ചക്കറിത്തോട്ടം, മെഡിക്കൽ
ക്യാമ്പുകൾ, പോഷകാഹാര പരിപാടി,
ഗണിത പരിശീലനം, ടേം മൂല്യനിർണ്ണയം,
നിരന്തര വിലയിരുത്തൽ, ദിനാചരണം, കായിക
പഠനം, ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

## ക്ലബ്ബുകൾ

സയൻസ്, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ്, ഇക്കോ, ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ് ക്രോസ്, സ്പോർട്സ്, ക്വിസ്, ഭാഷാ, ടീൻസ് ക്ലബ്, ആർട്സ്, ക്ലബ്ബുകൾ.

## അധ്യാപകർ

സ്കൂളിൽ വിവിധ വിഷയങ്ങളിലായി 14 അധ്യാപകർ പ്രവർത്തിക്കുന്നു. ഇവരിൽ ഇംഗ്ലീഷ്, മലയാള

സംസ്കൃതം, ഹിന്ദി, ഗണിതം, സാമൂഹ്യശാസ്ത്രം, ഫിസിക്സ്, കെമിസ്ട്രി, കായിക വിദ്യാഭ്യാസം എന്നിവയുടെ അധ്യാപകർ ഉൾപ്പെടുന്നു.

## അക്കാദമിക നേട്ടങ്ങൾ

കൊല്ലം ജില്ലയിലെ മലയോര ഗ്രാമമായ ആര്യങ്കാവ് സെന്റ് മേരീസ് ഹൈസ്കൂൾ വർഷങ്ങളായി SSLC പരീക്ഷയിൽ 100% വിജയവും കൂടുതൽ Aplus ഉം നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു. കേരളസർക്കാരിന്റെ ശുചിത്വ കേരളം – മാലിന്യ നിർമാർജ്ജന പദ്ധതിയുടെ ഭാഗമായി നടത്തിയ പരിപാടിയിൽ മികച്ച പ്രൊജക്ട് അവതരിപ്പിച്ച് കൊല്ലം ജില്ലയുടെ അഭിമാനമായി മാറിയ മാസ്റ്റർ ശിവനന്ദൻ ഈ സെന്റ് മേരീസ് വിദ്യാലയത്തിന് ഒന്നാം അഭിമാനമാണ്. NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നല്കി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. JRC, ലിറ്റിൽ കൈറ്റ്സ്, ഇക്കോ ക്ലബ് കെ.സി.എസ്.എൽ തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളിലൂടെ പഠനത്തോടൊപ്പം സേവനമനോഭാവം വർധിപ്പിക്കാൻ കഴിയുന്നു.

പഠനത്തോടൊപ്പം പാഠ്യേതര രംഗങ്ങളിലും പ്രതിഭാധനരായ വിദ്യാർത്ഥികളെ വാർത്തെടുക്കുവാൻ ഈ വിദ്യാലയത്തിന് കഴിയുന്നുണ്ട്. ജില്ല ഉപജില്ല സംസ്ഥാന തലങ്ങളിൽ കലാ കായിക, ശാസ്ത്ര, ഗണിത മേളകളിൽ മികവ് പുലർത്തുന്ന വിദ്യാലയമാണ് ആറ്റുകാവ് സെന്റ് മേരീസ് ഹൈസ്കൂൾ

## സാമൂഹിക നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വ കായിക പരിപാടികൾ, വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്. വനവകുപ്പിന്റെയും പഞ്ചായത്തിന്റെയും വിവിധ പ്രവർത്തനപരിപാടികളിൽ പങ്കാളികളാകുവാൻ ഈ വിദ്യാലയത്തിനു കഴിയുന്നു.

## അക്കാദമിക മാസ്റ്റർപ്ലാൻ

2025 - 26 വർഷത്തിൽ പുതുമയാർന്ന നിരവധി പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

# പ്രവർത്തനം - വിശദാംശങ്ങൾ

## ഇംഗ്ലീഷ് ഭാഷാപഠനം — ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | ഇംഗ്ലീഷ് ടീച്ചർ | എല്ലാ ക്ലാസും |
| | 2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ — ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരുദിവസം (ഒരുവർഷത്തേക്ക്) | ഇംഗ്ലീഷ് ക്ലബ്. |
| | 3) ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല | ക്ലാസ് ടീച്ചർ ~~ആഴ്ചയിൽ മാസത്തിൽ ഒരുദിവസം~~ | മാസത്തിൽ ഒരുദിവസം |
| | ഇംഗ്ലീഷിൽ ഡയറിയെഴുത്ത് ഓരോ കുട്ടിയും | ഇംഗ്ലീഷ് ടീച്ചർ | എല്ലാ ദിവസവും തുടർച്ചയായി |

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
| --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 1) ഇംഗ്ലീഷ് കഥ, കവിത രചന, ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | 3 മാസത്തിൽ ഒരിക്കൽ (വർഷം) |
| | 2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപത്തിലേക്കാക്കി അവതരണം (സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ) | ഇംഗ്ലീഷ് ടീച്ചർ | മാസത്തിൽ ഒരിക്കൽ |
| | 3) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ഇംഗ്ലീഷ് ടീച്ചർ/ ക്ലാസ്സ് ലീഡർ | മാസത്തിൽ ഒന്ന് |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളിക്കൽ - വായനാക്കുറിപ്പ് തയ്യാറാക്കൽ | ഇംഗ്ലീഷ് ടീച്ചർ | മാസത്തിൽ ഒന്ന് |
| വ്യാകരണ ശുദ്ധിയോടെ ഭാഷ പ്രയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (8.45–9.30) | ഇംഗ്ലീഷ് ടീച്ചർ | ആഴ്ചയിൽ രണ്ടു ദിവസം |
| കുട്ടികളുടെ രചന കൈയെഴുത്തായി | കൈയെഴുത്ത് മാസിക | ഇംഗ്ലീഷ് ക്ലബ്ബ് | വർഷത്തിൽ ഒന്ന് |

## മലയാള ഭാഷാപഠനം – ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദനിർമ്മാണം<br>4) വാക്യനിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് | മലയാളം ടീച്ചർ | 2 മാസം (ഒരുവർഷം) |
| 2 എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക | 1) ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2) ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3) പുതുവർഷം പുസ്തകവർഷം<br>4) ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകം ലഭ്യമാക്കൽ<br>5 പത്രവായന | മലയാളം ടീച്ചർ | ആവശ്യമനുസരിച്ച് |
| 3 പത്രവായന പരിപോഷിപ്പിക്കുക | ഓരോ ക്ലാസിനും ഓരോ പത്രം രാവിലെ പ്രധാന വാർത്തകളുടെ അവതരണം പത്രക്വിസ്. | മലയാളം അധ്യാപകർ | ആഴ്ചയിൽ ഒരുദിവസം |

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയള |
|---|---|---|---|---|
| 4 | സർഗ്ഗശേഷിവികസനം | വായനാനുഭവം പങ്കുവെക്കൽ സാഹിത്യ ക്വിസ് | SRG | വർഷം ഒന്ന് |
| | | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാര |
| | | കൈയെഴുത്ത് മാസിക (സ്കൂൾതലം) | SRG | വർഷം ഒന്ന് |
| | | പുസ്തകാസ്വാദനം വായന | വിദ്യാരംഗം | മാസത്തിൽ ഒന്ന് |
| | | അമ്മമാർക്കൊരു പുസ്തകം (കുട്ടികൾ വഴി വീടുകളിലേക്ക്) | വിദ്യാരംഗം | ആഴ്ചയിൽ ഒരിക്കൽ |

## മലയാളം — ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം |
|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളായി സംഘടിപ്പിക്കൽ | ജൂൺ–മാർച്ച് SRG | June–March |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## മലയാളം ഹൈസ്കൂൾ വിഭാഗം

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| 1 | എഴുത്തു കൂട്ടം | സർഗാത്മകരചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാസാമഗ്രികളുടെ നിർമാണം | കഥയരങ്ങ്/കവിയരങ്ങ് രചനശില്പശാലകൾ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉല്പന്നം അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്‌ലൈബ്രറിയിലെ പഠനസാമഗ്രിയായി ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം |
| 2 | ബ്ലോഗ് നിറയ്ക്കൽ | ഭാഷാശേഷി വികസനം | രചനകൾ നവമാധ്യമങ്ങളിലൂടെ (Whatsapp, ഇൻസ്റ്റ) പ്രസിദ്ധീകരിക്കൽ കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | ആഴ്ചയിൽ ഒരു പ്രാവശ്യം |
| 3 | സർഗസല്ലാപം | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം |
| 4 | നാടകക്കളരി | നാടകക്കളരി ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യനോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | പ്രതിമാസ പരിപാടി |

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| 5 | ഗ്രന്ഥശാല ശാക്തീകരണം | ഭാഷാശേഷികളുടെ വികാസം /വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം | ഗ്രന്ഥശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ചു സൂക്ഷിക്കൽ, കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ വിപുലപ്പെടുത്തൽ | വർഷം 2 മാസം തോറും |
| 6 | ദിനാചരണങ്ങൾ | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങൾ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം |
| 7 | രചനാ ശിൽപ്പശാല | 1/ വാക്യഭാഷയിലെ വിവിധ ശേഷികളുടെ വികാസം | കഥയരങ്ങ്/കവിയരങ്ങ് സർഗാത്മക രചനാ ശിൽപ്പശാല/എഴുത്തുകൂട്ടം സംഘടിപ്പിക്കൽ അവയിലൂടെ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | രണ്ടുമാസത്തിൽ ഒരിക്കൽ/ആവശ്യാനുസരണം |
| 8 | മധുരം മലയാളം | മലയാളം എഴുതാനും വായിക്കാനും അറിയാത്ത കുട്ടികൾക്ക് പരിശീലനം | അക്ഷരങ്ങൾ / വാക്കുകൾ കുട്ടി വായിക്കാൻ പരിശീലിപ്പിക്കൽ, എഴുതാൻ പഠിപ്പിക്കൽ. ഒബ്ജക്ടുകളിൽ അക്ഷരങ്ങൾ പ്രദർശിപ്പിച്ച് വായിപ്പിക്കുന്നു | 2 ആഴ്ച കൂടുമ്പോൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## HS ഇംഗ്ലീഷ്

| ക്രമനമ്പർ | പദ്ധതി | പ്രശ്നം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|---|
| 1 | ഈസി ഇംഗ്ലീഷ് | ഇംഗ്ലീഷ് പഠന പിന്നോക്കാവസ്ഥ | അടിസ്ഥാനഭാഷ ശേഷി വികസനം English Cartoon, News Poems കേൾക്കാനുള്ള സാഹചര്യം | 2025-26 June-octo |
| 2 | ഇംഗ്ലീഷ് അസംബ്ലി | അടിസ്ഥാനഭാഷാ ശേഷിക്കുറവ് | News Reading, Book Reading, speech, thoughts (Twice in a month.) | June —March |
| 3 | നോട്ടീസ് ബോർഡ് സ്ഥാപിക്കൽ | ലേഖനത്തിലുള്ള ശേഷി വർദ്ധിപ്പിക്കുക | Word game, Puzzles One Word One day | June -January |
| 4 | ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷിൽ സംസാരിക്കാനുള്ള ഭയം | വിവിധ പരിപാടികൾ ഇംഗ്ലീഷിൽ വേദിയിൽ അവതരിപ്പിക്കുക Dance, Drama, Poem etc. | September |
| 5 | സ്വതന്ത്ര വായനയ്ക്ക് സജ്ജമാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജമാക്കുക | സ്വതന്ത്ര വായന കുറവ് | School English Voice അക്ഷരകാർഡ്, പദകാർഡ്, വാക്യ നിർമ്മാണത്തിനുള്ള Card. | June —March |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## HS ഹിന്ദി

| നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|---|
| 1 | സരൾഹിന്ദി | ഹിന്ദി ഭാഷയിൽ എഴുത്തും വായനയും വശമില്ലാത്ത കുട്ടികളെ അതിന് പ്രാപ്തരാക്കൽ | അക്ഷരമാലചാർട്ട് പദചാർട്ട്, പല തരം ചിത്രങ്ങൾ | ഒരുവർഷം |
| 2 | വീർഹിന്ദി | ഹിന്ദി-ഭാഷ-ആശയം സ്വായത്തമാക്കുവാൻ പ്രയാസമനുഭവിക്കുന്ന കുട്ടികളെ ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കൽ | ശ്രവിച്ച്-ആസ്വദിച്ച് പഠിപ്പിക്കുന്നതിന് ഹിന്ദികവിതകൾ, ലോകോക്തികൾ, മുഖ്യരുടെ ഭാഷണങ്ങൾ തുടങ്ങിയവ ശ്രവ്യ സ്രോതസ്സിലൂടെ കുട്ടികളിലെത്തിക്കുക | ഒരു വർഷം |
| 3 | സുരീലി - ഹിന്ദി | ആശയവിനിമയം നടത്താൻ പ്രയാസമനുഭവിക്കുന്ന കുട്ടികളെ ആശയവിനിമയത്തിന് പ്രാപ്തരാക്കൽ | ഹിന്ദി- ഭാഷ കവിതാരചന കഥാരചന നാടകരചന | മാസം |
| 4 | നവജ്യോതിസ് | ഭാഷാഭിരുചി ഉയർത്താൻ കുട്ടികളെ പ്രേരിപ്പിക്കാൻ | ഹിന്ദി-അസംബ്ലികൾ, സെമിനാറുകൾ, ഹിന്ദി സാഹിത്യകാരന്മാരെ പരിചയപ്പെടുത്തി ഭാഷാബോധം പകരൽ | മാസം |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## HSA സംസ്കൃതം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1 | ഭാഷണം - ആശയങ്ങളുടെ വാചിക പ്രകടനം | ചിത്രങ്ങൾ, കഥാചിത്രങ്ങൾ വായനകാർഡുകൾ, ICT സാധ്യതകൾ എന്നിവയിലൂടെ സംഭാഷണാവസരങ്ങൾ സൃഷ്ടിക്കുക. TV, റേഡിയോ സംസ്കൃത പരിപാടികൾ വാർത്തകൾ എന്നിവ കേൾക്കാൻ അവസരം | നിരന്തര പ്രവർത്തനം |
| 2 | വായന, അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചാരണശുദ്ധിയോടെയുള്ള വായന | അക്ഷര പദ വാക്യ കാർഡുകൾ വായനക്കായി നൽകുന്നു.<br>പാഠഭാഗ വായന<br>വായനക്കായി ഒരു മണിക്കൂർ<br>വായിച്ച പുസ്തകത്തിൽ (സംസ്കൃത പുസ്തകം) നിന്നും നിശ്ചിത അക്ഷരത്തിലെ പദങ്ങൾ സമാഹരിച്ചുകൊണ്ട് ശബ്ദകോശ നിർമ്മാണം<br>* E വായന (വലിയ font-ൽ അക്ഷരങ്ങൾ ക്രമീകരിച്ചുകൊണ്ട്) | നിരന്തര പ്രവർത്തനം |
| 3 | സംസ്കൃത ഭാഷയെ ജനകീയവത്കരിക്കൽ | സംസ്കൃത ക്ലബ് സമാജം, നിത്യോപയോഗ ഭാഷയിലെ സംസ്കൃത പദങ്ങളെ തിരിച്ചറിയൽ<br>സംസ്കൃത പ്രദർശനങ്ങൾ<br>പ്രശ്നോത്തരി<br>സെമിനാറുകൾ, പ്രഭാഷണ[illegible] | മൂന്നു മാസത്തിൽ ഒന്ന്. |

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| --- | --- | --- | --- |
| 4 | പഠനം- ലളിതം രസകരം --- കളികളിലൂടെ സംസ്കൃത പഠനം | സംസ്കൃത സംഭാഷണ സംവർദ്ധനം നേടാനാകുന്ന രീതിയിൽ ഓരോ ക്രീഡയും സജ്ജമാക്കണം. സംസ്കൃത പഠനം രസകരമാക്കാൻ ഉന്നപുസ്തകത്തിലെ ക്രീഡകൾ, പ്രവർത്തനങ്ങൾ ഓരോന്നും ക്ലാസ് നിലവാരമനുസരിച്ച് നല്കുക. | എല്ലാ മാസത്തെയും അവസാന ദിവസം 2 മണിക്കൂർ |
| 5 | ഭാഷാ പഠനത്തിൽ ICt സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് | ICT സാധ്യത ഉപയോഗിച്ചുള്ള സംസ്കൃത ഭാഷാപഠനം<br>പാഠഭാഗങ്ങളുടെ വീഡിയോ അവതരണം<br>സംസ്കൃത ടൈപ്പിങ്ങ്<br>സ്ലൈഡ് നിർമ്മാണം<br>ഉല്പന്നങ്ങളുടെ പ്രദർശനം | നിരന്തര പ്രവർത്തനം |
| 6 | വാർത്താനിർമ്മാണത്തിലും വാർത്താ അവതരണത്തിലും സാമർത്ഥ്യം | സ്കൂൾ വാർത്താ ടീം രൂപീകരിക്കൽ<br>വാർത്തകൾ ശേഖരിക്കൽ, മൊഴിമാറ്റം<br>മികച്ച വാർത്താ അവതാരകരെ കണ്ടെത്തൽ<br>മികച്ച പരിശീലനം<br>അസംബ്ലി അവതരണം | രണ്ടാഴ്ചയിൽ ഒരു വാർത്താ അവതരണം |

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
| --- | --- | --- | --- |
| 7 | ഭാഷയുടെ സാഹിത്യപരമായ കഴിവുകളുടെ പരിപോഷണം | സംസ്കൃതോത്സവങ്ങളുടെ പ്രദർശനം<br>പരിശീലനം<br>കഥ, കവിതാനാടകക്യാമ്പുകൾ<br>രചനാപരിശീലനം<br>ചിത്ര നിർമ്മാണം, പ്രസിദ്ധീകരണം | 6 മാസത്തിൽ ഒരുതവണ വീതം |
| | | * സവിശേഷ കഴിവുള്ളവരെ കണ്ടെത്തൽ പ്രത്യേക പരിശീലനം<br>* മഹാകവികൾ, കാവ്യങ്ങൾ എന്നിവരെ ICTയിലൂടെ പരിചയപ്പെടൽ<br>* പാഠകം, അഷ്ടപദി കൂടിയാട്ടം സോദാഹരണ ക്ലാസുകൾ<br>* സാഹിത്യസംവാദങ്ങൾ<br>* സാംസ്കാരിക സാഹിത്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള യാത്രകൾ<br>* സംസ്കൃത പ്രദർശനങ്ങൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വൈറസ്ത്തുൾ - സാമൂഹ്യശാസ്ത്രം

| ക്രമനമ്പർ | പദ്ധതി | ലക്ഷ്യം | പദ്ധതിവിശകലനം | കാലയളവ് |
|---|---|---|---|---|
| 1 | സാമൂഹികം | സമൂഹത്തിലെ വൈവിധ്യവാർന്ന ജനവിഭാഗങ്ങളുമായി ഇടപഴകാനും സാമൂഹ്യപ്രവർത്തനത്തിൽ പങ്കെടുക്കാനുമുള്ള പദ്ധതി | ജനപ്രതിനിധികൾ വ്യക്തിത്വങ്ങൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടി. ഫീൽഡ് പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ഇടപെടാനുള്ള അവസരം | |
| 2 | പ്രാദേശിക വിഭവഭൂപട നിർമ്മാണം/ മാപ്പിങ്ങ് | പ്രാദേശിക വിഭവങ്ങൾ കണ്ടെത്തി ഭൂപടനിർമ്മാണത്തിൽ കുട്ടികളെ പ്രാപ്തരാക്കുക | കുട്ടികൾ വിഭവശേഖരണം നടത്തുന്നു സർവെ ഭൂപട നിർമ്മാണം, മാപ്പിങ്ങ് പരിചയപ്പെടുത്തൽ, അറ്റ്ലസ് പരിശീലനം നൽകൽ | 1 വർഷം |
| 3 | നാടറിയാൻ ചരിത്രപ്രദർശനവും ചരിത്രരചന | സ്വന്തം നാടിനെ കുറിച്ചും അറിയാൻ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, സന്നദ്ധ സംഘടനകൾ, സെമിനാർ, ചരിത്രരചന പ്രദർശനം | 2025 -26 |
| 4 | ബാലപാർലമെന്റ് | ജനാധിപത്യരീതി മനസിലാക്കുന്നതിന് | സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾപാർലമെന്റ് തെരഞ്ഞെടുപ്പ് സമ്മേളനം | 2025 -26 |

| ക്രമനമ്പർ | പ്രവർത്തി | ലക്ഷ്യം/പ്രതീക്ഷിക്കുന്നത് | വിശകലനം | കാലയളവ് |
|---|---|---|---|---|
| 5 | പഠനോപകരണനിർമാണശില്പശാല | പഠനപ്രവർത്തനങ്ങൾക്കനുയോജ്യമായ പഠനോപകരണങ്ങളുടെ നിർമാണം പഠനം രസകരമാക്കൽ | വിദഗ്ധരായ റിസോഴ്സ് ടീമിന്റെ സഹായത്താൽ സ്കൂൾതലത്തിൽ പഠനോപകരണ ശില്പശാല സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നിർമിക്കുന്നു | 2025-26 |
| 6 | ഐ.ടി/ സാമൂഹ്യശാസ്ത്രക്ലബ് | സാമൂഹിക ശാസ്ത്ര [illegible] പരമായ ഇൻഫർമേഷൻ ടെക്നോളജിയിലൂടെ ഫലപ്രദമാക്കുന്നു | ഐടി സഹായത്താൽ പാഠഭാഗങ്ങൾക്കാവശ്യമായ സ്ലൈഡുകൾ തയ്യാറാക്കി പഠനപ്രവർത്തനങ്ങൾക്കനുസരിച്ച് ഉപയോഗിക്കുക | 2025-26 |
| 7 | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്കുള്ള പഠനയാത്രകൾ | പഠന യാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുവർചിത്രങ്ങൾ, ക്ഷേത്രകലകൾ കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കൽ | പാഠപുസ്തകത്തിലെ അറിവുകളോടൊപ്പം അനുഭവങ്ങളിലൂടെ, നേർകാഴ്ചകളിലൂടെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കാൻ സാധിക്കുന്നു. | വർഷത്തിൽ ഒന്ന്. |

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 8 | ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവ ഉൾപ്പെടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന്. |
| 9 | ലൈബ്രറി കോർണർ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, മാഗസിനുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറിയിൽ പ്രദർശിപ്പിക്കൽ, തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | ആഴ്ചയിൽ ഒന്ന് |
| 10 | സാമൂഹ്യശാസ്ത്ര നൂതനഅറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S കോർണറിൽ ബുള്ളറ്റിൻബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ update ചെയ്ത് ഒട്ടിക്കൽ | ആഴ്ചയിൽ (ഒരുവർഷം) |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഹൈസ്കൂൾ : സയൻസ്

| ക്രമനമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|---|
| 1 | പരിസ്ഥിതി ലൈബ്രറിയൽ | സസ്യസംരക്ഷണം | വിവരശേഖരണം, ചെടികൾ കണ്ടെത്തുന്നു, നട്ടുവളർത്തുന്നു സസ്യപരിപാലനം | ബയോളജി ടീച്ചറിന്റെ സഹായത്തോടെ 1 വർഷം |
| 2 | ശാസ്ത്രകൗതുകം | ശാസ്ത്രജ്ഞൻമാരെ അറിയാൻ | വിവിധ ശാസ്ത്രജ്ഞരെ കണ്ടെത്തി ആൽബം തയ്യാറാക്കുന്നു. ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു | Physics Chemistry അധ്യാപകരുടെ സഹായത്താൽ 3മാസക്കാലം |
| 3 | Science Talent Club | ശാസ്ത്രീയ മനോഭാവം പ്രായോഗിക കഴിവ് വളർത്താൻ | ശാസ്ത്രോപകരണങ്ങൾ, ശാസ്ത്രപ്രോജക്ടുകൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും | മാസത്തിൽ ഒന്ന് സയൻസ് അധ്യാപകരുടെ സഹായത്താൽ |
| 4 | Winelow to Wisdom | ആനുകാലികങ്ങളിൽ വരുന്ന ശാസ്ത്രവാർത്തകളെ പരിചയപ്പെടൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം | ആഴ്ചയിൽ |
| 5 | ലിറ്റിൽ സയന്റിസ്റ്റ് | ശാസ്ത്രവിഷയത്തിൽ താല്പര്യം ജനിപ്പിക്കുക യുക്തിചിന്ത വളർത്തുക | തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നിത്യജീവിതവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | |

# മാസ്റ്റർ പ്ലാൻ
## HS ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ വിദ്യാർത്ഥികൾക്ക് ഉറപ്പുവരുത്തുന്നു | പ്രീ-ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യം | ഗണിത അധ്യാപകൻ |
| സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യാപഠനം | ഒരുവർഷം | അധ്യാപകൻ ഗ്രൂപ്പ് ലീഡർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കൽ | ഗണിത ക്ലിനിക്ക് | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർപ്രവർത്തനം | ഗണിതാധ്യാപകർ |
| ഗണിതശാസ്ത്രത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ക്ലബ് | മാസത്തിൽ ഒന്ന് | ഗണിതാധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമത |
|---|---|---|---|
| ഗണിതമേളക്ക് കുട്ടികളെ ഒരുക്കൽ | വിവിധയിനം ചാർട്ടുകൾ, നിർമ്മിതികൾ എന്നിവയിൽ പരിശീലനം | ജൂൺ — ഒക്ടോബർ | ഗണിത ധ്യാപ |
| ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | ICT യിൽ ജിയോജിബ്ര ഉപയോഗിച്ച് പരിശീലനം നൽകുന്നു. | തുടർപ്രവർത്തനം | ഗണിത ധ്യാപ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടുത്തൽ | ബിൽഡ് ടീച്ച് സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് | ഗണിത അധ്യാ |

# സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പു വരുത്തി. | 1 വർഷത്തിൽ 5 മാസം | സയൻസ് ടീച്ചേഴ്സ് |

## മേഖല – അക്കാദമികം – സാമൂഹികം
## ഉപമേഖല – ക്ലാസ് പി.ടി.എ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ കഴിവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തും | CPTA യോഗം കാര്യക്ഷമമായി നടത്തൽ കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ എന്നതുപോലെ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG. |

★ മേഖല – അക്കാദമികം – സാമൂഹികം
പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ)

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| പ്രാദേശിക പി.ടി.എ രൂപീകരിക്കുക. അക്കാദമിക കാര്യങ്ങൾ ചർച്ച ചെയ്യുക. സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുക | SSLC ക്ക് ഉയർന്ന വിജയം നേടുന്നതിന് 10-ാം ക്ലാസ് വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ യോഗങ്ങൾ ചേരൽ | PTA, SRG | വർഷത്തിൽ 3 പ്രാവശ്യം ഓണത്തിലും ഡിസംബർ-ഫെബ്രുവരി മാസങ്ങളിലും |

3

4

★ മേഖല – ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 | സയൻസ് ക്ലബ് |
| | | ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം by സർവെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് |
| 2 | ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | 〃 |

5

# മേഖല - ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 3 | ശാസ്ത്രസാമഗ്രികളുടെ നവീകരണം | ഫിസിക്സ്, കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേഴ്സ് |
| 4 | പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി കുട്ടി - കുട്ടി എന്നീ തലത്തിൽ പരിശീലനം | ആഴ്ചയിൽ 1 ദിവസം | SRG സയൻസ് ടീച്ചർ |
| 5 | ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയാറാക്കൽ | മാസത്തിൽ ഒരിക്കൽ | SRG സയൻസ് ടീച്ചർ |
| 6 | മോഡൽ നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG സയൻസ് ടീച്ചർ |

# പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | താല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ | 1 വർഷത്തിൽ 1 മാസം | SRG, PT അധ്യാപകർ |

## മേഖല : കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കലാ മികവുള്ളവർക്ക് പരിശീലനം | ഉപകരണസംഗീതത്തിലും മറ്റു കലാ വാസനകളുമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ | മാസത്തിൽ 2 ദിവസം (1 വർഷം) | മലയാളം സംസ്കൃത അധ്യാപകർ |
| കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | സംഗീതം, നൃത്തം, അഭിനയം, കഥാരചന, തിരക്കഥാരചന, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസന പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനം നൽകൽ | കലാധ്യാപകർ, SRG | 2025 ജൂ[illegible] – [illegible] |

## മേഖല — ആരോഗ്യ കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളുടെ കായികശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലയിൽ പരിശീലനം നൽകി കുട്ടികളെ മികവിലെത്തിക്കുന്നു | എല്ലാദിവസവും രാവിലെയും വൈകിട്ടും അവധിദിവസങ്ങളിലും (ഒരുവർഷം) | കായികാധ്യാപകൻ |
| ചിട്ടയായ വ്യായാമത്തിലൂടെയും കായികപരിശീലനത്തിലൂടെയും അച്ചടക്കവും സാമൂഹികബോധവുമുള്ള ഒരുതലമുറയെ സൃഷ്ടിക്കൽ | ആൺകുട്ടികൾക്ക് അത്‌ലറ്റിക്സ്, കബഡി, റെസ്‌ലിങ്ങ്, ടെന്നികോയിറ്റ്, ക്രിക്കറ്റ് എന്നിവയിൽ പരിശീലനം | 1 വർഷം (എല്ലാദിവസവും) | 〃 |
| | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അത്‌ലറ്റിക്സ് ഹാൻഡ് ബോൾ, ബാഡ്മിന്റൺ, ഖോ-ഖോ, ഇവയിൽ ജില്ല ഉപജില്ല സംസ്ഥാനതലമത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിനാവശ്യമായ പരിശീലനം | 〃 | |
| ആരോഗ്യ പരിശീലനം | എയ്റോബിക്സ് യോഗ പരിശീലനം | 2025-26 | 〃 |
| ജീവിതശൈലീരോഗങ്ങൾ, വ്യായാമത്തിലൂടെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ് | ശരിയായ ആരോഗ്യപരിപാലനത്തിനുള്ള പ്രവർത്തനങ്ങളും, ബോധവൽക്കരണവും | വർഷത്തിൽ 2 | |

## മേഖല – കൗൺസിലിങ്ങ്
## മോറൽ പഠനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം |
|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ<br>നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം, ധൈര്യം ഇവ വർധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br>ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ | സൈക്കോളജിസ്റ്റ്, ഈ മേഖലയിൽ വിദഗ്ധരായവരെ ചുമതലപ്പെടുത്തുന്നു | എല്ലാമാസവും ഒരുദിവ |
| ധാർമിക മൂല്യങ്ങൾ നൽകുക | പഠനത്തോടൊപ്പം നല്ല സ്വഭാവഗുണങ്ങളുള്ള മൂല്യബോധമുള്ള വ്യക്തികളായി മാറ്റുക എന്ന ലക്ഷ്യത്തോടെ മോറൽ ക്ലാസുകൾ ക്രമീകരിക്കുന്നു | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ചൊവ്വ, വ്യാഴം (വ |
| മാനസികാരോഗ്യമുള്ളവരാക്കിമാറ്റുന്നതിനെയും അഭിവൃദ്ധിക്കാനുള്ള ശേഷിനേടുക. | വ്യക്തിത്വ വികസന സെമിനാറുകൾ വർഷത്തിൽ ഒന്ന് മൂന്നുദിവസത്തേക്ക് സ്കൂളിൽ സംഘടിപ്പിക്കുന്നു. വിദഗ്ധരായവരെ സ്കൂളിലെത്തിച്ച് പരിശീലനം കൊടുക്കുന്നു. | HM<br>ക്ലാസ് ടീച്ചേഴ്സ്<br>PTA | വർഷത്തിൽ ഒന്ന് |

## ഉപസംഹാരം

ആര്യനാവ് സെന്റ് വേരിസ് ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസം ലക്ഷ്യം വച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.